# ഖുർആൻ ബോധനം

548

എ.വൈ.ആർ

സൂറ-11

# ഹൂദ്

أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ فَأْتُوا۟ بِعَشْرِ سُوَرٍ مِّثْلِهِۦ مُفْتَرَيَٰتٍ وَٱدْعُوا۟
مَنِ ٱسْتَطَعْتُم مِّن دُونِ ٱللَّهِ إِن كُنتُمْ صَٰدِقِينَ ﴿١٣﴾

**13** അതല്ല, ഈ വേദം പ്രവാചകൻ കെട്ടിച്ചമച്ചതാണെന്ന് അവർ വാദിക്കുന്നുവോ? അവരോടു പറയുക, അങ്ങനെയെങ്കിൽ ഇതുപോലൊരു പത്തു സൂറ നിങ്ങളും ചമച്ചു കൊണ്ടുവരുവിൻ. അതിന് അല്ലാഹുവിനെ കൂടാതെ നിങ്ങൾക്കു വിളിക്കാൻ കഴിയുന്ന സഹായികളെയൊക്കെയും വിളിച്ചുകൊള്ളുക. നിങ്ങളുടെ വാദം സത്യമാണെങ്കിൽ അതു ചെയ്തു കാണിക്കേണം.

فَإِلَّمْ يَسْتَجِيبُوا۟ لَكُمْ فَٱعْلَمُوٓا۟ أَنَّمَآ أُنزِلَ بِعِلْمِ ٱللَّهِ وَأَن لَّآ إِلَٰهَ
إِلَّا هُوَ ۖ فَهَلْ أَنتُم مُّسْلِمُونَ ﴿١٤﴾

**14** ഇക്കാര്യത്തിൽ ആരും നിങ്ങളുടെ വിളി കേൾക്കുന്നില്ലെങ്കിൽ മനസ്സിലാക്കിക്കൊള്ളുക, ഈ വേദം അവതീർണമായത് അല്ലാഹുവിന്റെ ജ്ഞാനത്താൽ തന്നെയാകുന്നു. അവനല്ലാതെ ദൈവമേതുമില്ല. ഇനിയെങ്കിലും നിങ്ങൾ ഈ സത്യം സമ്മതിക്കുമോ?!

مَن كَانَ يُرِيدُ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ أَعْمَـٰلَهُمْ فِيهَا وَهُمْ
فِيهَا لَا يُبْخَسُونَ ﴿١٥﴾

15 ഭൗതിക ജീവിതവും അതിന്റെ അലങ്കാരങ്ങളും മാത്രം കാംക്ഷിക്കുന്നവർക്ക് കർമ ഫലമത്രയും ഇവിടെ വെച്ചുതന്നെ നാം നൽകുന്നതാകുന്നു. അതിലവർക്ക് ഒരു കുറവുമുണ്ടാവില്ല.

أُو۟لَـٰٓئِكَ ٱلَّذِينَ لَيْسَ لَهُمْ فِى ٱلْـَٔاخِرَةِ إِلَّا ٱلنَّارُ ۖ وَحَبِطَ مَا صَنَعُوا۟
فِيهَا وَبَـٰطِلٌ مَّا كَانُوا۟ يَعْمَلُونَ ﴿١٦﴾

16 പക്ഷേ, അക്കൂട്ടർക്ക് മറു ലോകത്തുള്ളത് നരകം മാത്രമായിരിക്കും. ഈ ലോക ത്തവർ നിർമിച്ചതൊക്കെയും കെട്ടുപോയി. പ്രവർത്തിച്ചിരുന്നതൊക്കെയും നിഷ്ഫ ലവുമായി.

أَمْ يَقُولُونَ= അതല്ല അവർ വാദിക്കുന്നുവോ

ٱفْتَرَىٰهُ= അത്(ഈ വേദം)അവൻ(പ്രവാചകൻ)കെട്ടിച്ചമച്ചുവെന്നു

قُلْ= (അവരോടു)പറയുക فَأْتُوا۟= അങ്ങനെയാണെങ്കിൽ നിങ്ങൾ കൊണ്ടുവരുവിൻ

بِعَشْرِ سُوَرٍ= പത്തു സൂറകൾ مِّثْلِهِۦ= ഇതുപോലെ

مُفْتَرَيَـٰتٍ= കെട്ടിച്ചമക്കപ്പെട്ടവയായ(ചമച്ച്) وَٱدْعُوا۟= (സഹായത്തിനു)വിളിച്ചുകൊള്ളുവിൻ

مَنِ ٱسْتَطَعْتُم= നിങ്ങൾക്ക്(വിളിക്കാൻ)കഴിയുന്നവരെ (സഹായികളെയൊക്കെയും)

مِّن دُونِ ٱللَّهِ= അല്ലാഹുവിനെ കൂടാതെ

إِن كُنتُمْ= നിങ്ങൾ(നിങ്ങളുടെ വാദം) ആണെങ്കിൽ صَـٰدِقِينَ= സത്യവാന്മാർ(സത്യം)

فَإِلَّمْ يَسْتَجِيبُوا۟ لَكُمْ= അവർ നിങ്ങൾക്ക് ഉത്തരം നൽകിയില്ലെങ്കിൽ(ഇക്കാര്യത്തിൽ

ആരും നിങ്ങളുടെ സഹായത്തിനുള്ള വിളി കേട്ടില്ലെങ്കിൽ)

فَٱعْلَمُوٓا۟= നിങ്ങൾ മനസ്സിലാക്കിക്കൊള്ളുവിൻ

أَنَّمَآ أُنزِلَ بِعِلْمِ ٱللَّهِ= അല്ലാഹുവിന്റെ ജ്ഞാനംകൊണ്ട് തന്നെ ഇറക്കപ്പെട്ടു (ഈ വേദം

അവതീർണമായത് അല്ലാഹുവിന്റെ ജ്ഞാനത്താൽ തന്നെയാകുന്നു)

وَأَن لَّآ إِلَـٰهَ إِلَّا هُوَ ۖ= അവനല്ലാതെ ദൈവമേതുമില്ല എന്നും മനസ്സിലാക്കിക്കൊള്ളുക

فَهَلْ أَنتُم= നിങ്ങൾ ആണോ (ഇനിയെങ്കിലും)

مُّسْلِمُونَ= (ഈ സത്യം) സമ്മതിക്കു(മോ)ന്നവർ

مَن كَانَ يُرِيدُ= വല്ലവനും ഉദ്ദേശിക്കുന്നവനായാൽ(കാംക്ഷിക്കുന്നവർക്ക്)

ٱلْحَيَوٰةَ ٱلدُّنْيَا= ഭൗതികജീവിതം وَزِينَتَهَا= അതിന്റെ അലങ്കാരവും

نُوَفِّ= നാം പൂർണമായി നൽകുന്നു إِلَيْهِمْ= അവർക്ക്

أَعْمَـٰلَهُمْ= അവരുടെ കർമ(ഫല)ങ്ങൾ فِيهَا= അതിൽ (ഇവിടെ വെച്ചുതന്നെ)

وَهُمْ= അവർ فِيهَا= അതിൽ لَا يُبْخَسُونَ= അവർ കുറക്കപ്പെടുകയില്ല(ഒരു കുറവുമുണ്ടാവില്ല)

أُو۟لَـٰٓئِكَ= അക്കൂട്ടർ(ക്ക്) ٱلَّذِينَ لَيْسَ لَهُمْ= ഇല്ലാത്തവരാകുന്നു(ഉള്ളത്)

فِى ٱلْـَٔاخِرَةِ= മറുലോകത്ത് إِلَّا ٱلنَّارُ = അല്ലാതെ നരകം(മാത്രമായിരിക്കും)

وَحَبِطَ= കെട്ടുപോയി مَا صَنَعُوا۟= അവർ നിർമിച്ചുവെച്ചത്(ഒക്കെയും)

فِيهَا= അതിൽ(ഈ ലോകത്ത്) وَبَـٰطِلٌ= നിഷ്ഫലം, അസാധ്യവും(ആയി)

مَّا كَانُوا۟ يَعْمَلُونَ= അവർ പ്രവർത്തിച്ചിരുന്നത്(ഒക്കയും)

**13:** അവിശ്വാസികൾ പ്രവാചകന് സ്വന്തംനിലയിൽ നിവർത്തിക്കാനാവാത്ത ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്, ആ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുകയാണെങ്കിൽ അദ്ദേഹത്തിലും ഖുർആനിലും വിശ്വസിക്കണമെന്നുദ്ദേശിച്ചല്ല. രണ്ടിലും വിശ്വസിക്കാതിരിക്കാനുള്ള കാരണം തേടുകയാണവർ. വാസ്തവത്തിൽ ഈ ഖുർആൻതന്നെ അതിൽ വിശ്വസിക്കാൻ മതിയായ ദൃഷ്ടാന്തമാണ്. അമാനുഷികമാണ് അതിന്റെ ശൈലിയും ഘടനയും ആശയങ്ങളുമെല്ലാം. അറേബ്യയിലെ മഹാകവികളുടെയും അഗ്രഗണ്യരായ പ്രഭാഷകന്മാരുടെയും എണ്ണമറ്റ രചനകൾ നിങ്ങളുടെ മുന്നിലുണ്ട്. അവക്കൊന്നും ഈ ഖുർആനോട് താരതമ്യമില്ലെന്ന കാര്യം ആർക്കാണ് നിഷേധിക്കാനാവുക! എന്നിട്ടും ഈ ഖുർആൻ മുഹമ്മദ് സ്വയം കെട്ടിച്ചമച്ചതു തന്നെ എന്നാണോ അവർ പറയുന്നത്? എങ്കിൽ അത് അത്ഭുതകരം തന്നെ. ശരി, അങ്ങനെയാണെങ്കിൽ നിങ്ങളെപ്പോലുള്ള ഒരാൾ മാത്രമാണല്ലോ മുഹമ്മദ്(അ). അയാൾ ചെയ്യുന്നത് നിങ്ങൾക്കും ചെയ്യാൻ കഴിയേണ്ടതാണ്. മുഹമ്മദ് രചിച്ചുവെന്ന് നിങ്ങൾ പറയുന്ന ഈ ഖുർആനിലെ സൂറകൾ പോലുള്ള ഒരു പത്തു സൂറ നിങ്ങളും രചിച്ചു കാണിക്കുക. അതിനു നിങ്ങളുടെ കവികളുടെയോ സാഹിത്യകാരന്മാരുടെയോ ജോത്സ്യന്മാരുടെയോ നിങ്ങളാരാധിക്കുന്ന ദൈവങ്ങളുടെയോ ആരുടെ സഹായം വേണമെങ്കിലും തേടിക്കൊള്ളുക. وَٱدْعُوا۟ مَنِ ٱسْتَطَعْتُم مِّن دُونِ ٱللَّهِ (അല്ലാഹുവിനെ കൂടാതെ നിങ്ങൾക്കു സാധ്യമാകുന്നവരെയൊക്കെയും വിളിച്ചുകൊള്ളുക) എന്നാണ് മൂലവാക്യം. ഇതുകൊണ്ട് മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളത് ദൈവങ്ങളായി കരുതി ആരാധിക്കപ്പെട്ടിരുന്ന ശക്തികളാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ആ ദൈവങ്ങൾ നിങ്ങളെ സഹായിക്കേണ്ട നിർണായക സന്ദർഭമാണിത്. കാരണം ഈ ഖുർആൻ ഏറ്റം ഗുരുതരമായ ഭീഷണിയുയർത്തുന്നത് അവരുടെ ദിവ്യത്വത്തിനു നേരെയാണല്ലോ.

إِن كُنتُمْ صَـٰدِقِينَ എന്ന വാക്യത്തിന്റെ ഒരു താൽപര്യം, ഖുർആൻ മുഹമ്മദ് നബി സ്വയം കെട്ടിച്ചമച്ച് ആളുകളെ വിരട്ടാൻ ദൈവത്തിന്റെ പേരിൽ ആരോപിക്കുകയാണ് എന്ന നിങ്ങളുടെ വാദം സത്യമാണെങ്കിൽ എന്നാണ്. നിങ്ങളാരാധിക്കുന്ന വിഗ്രഹങ്ങൾ ദൈവങ്ങളാണെന്നും അവശ്യ ഘട്ടങ്ങളിൽ അവ നിങ്ങളെ സഹായിക്കുകയും വിജയിപ്പിക്കുകയും ചെയ്യുമെന്നും ഉള്ള നിങ്ങളുടെ വിശ്വാസം സത്യമാണെങ്കിൽ എന്നാണ് മറ്റൊരു താൽപര്യം.

ഈ സൂക്തത്തിൽ ഖുർആന്റെ ദൈവികതയെ നിഷേധിക്കുന്നവരെ വെല്ലുവിളിക്കുന്നത് ഖുർആനിലേതുപോലുള്ള പത്തു സൂറ രചിച്ചുകാണിക്കാനാണ്. സൂറ *അൽബഖറ* 23-ാം സൂക്തത്തിൽ ഖുർആനിലേതുപോലുള്ള ഒരു സൂറയെങ്കിലും രചിച്ചു കാണിക്കാനാണ് വെല്ലുവിളി -فَأْتُوا۟ بِسُورَةٍ مِّن مِّثْلِهِۦ. സൂറ *യൂനുസ്* 38-ാം സൂക്തത്തിലും ആവശ്യപ്പെട്ടിട്ടുള്ളത് ഒരു സൂറ രചിക്കാൻ തന്നെ. സൂറ *അൽ ഇസ്റാഅ്* 88-ാം സൂക്തത്തിൽ പറയുന്നതിങ്ങനെയാണ്:

قُل لَّئِنِ ٱجْتَمَعَتِ ٱلْإِنسُ وَٱلْجِنُّ عَلَىٰٓ أَن يَأْتُوا۟ بِمِثْلِ هَٰذَا ٱلْقُرْءَانِ لَا

يَأْتُونَ بِمِثْلِهِۦ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا ﴿٨٨﴾

(അവരോടു പറയുക: ഈ ഖുർആൻ പോലൊന്ന് അവതരിപ്പിക്കാൻ മർത്യരും ജിന്നുകളും ഒത്തൊരുമിച്ചു ശ്രമിച്ചാലും സാധിക്കുകയില്ല. അവരൊക്കെയും പരസ്പരം സഹായിച്ചാലും ശരി). ഈ വ്യത്യാസങ്ങളെ പണ്ഡിതന്മാർ പൊതുവിൽ ഇപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു: ഖുർആൻ പോലൊന്നു രചിക്കാനായിരുന്നു ആദ്യത്തെ വെല്ലുവിളി. അതിൽ പരാജയപ്പെട്ടപ്പോൾ ഖുർആനിലേതുപോലുള്ള പത്തു സൂറകൾ രചിക്കാനാവശ്യപ്പെട്ടു. അതിലും പരാജയപ്പെട്ടപ്പോൾ ഒരു സൂറക്ക് തുല്യമായതെങ്കിലും രചിക്കാൻ പറഞ്ഞു. അതിലും അവർ പരാജിതരായപ്പോൾ ഖുർആന്റെ സാകല്യവും ശകലവും ഒരുപോലെ അമാനുഷികമാണെന്ന് സ്ഥിരീകരിക്കപ്പെട്ടു.

എന്നാൽ ഇപ്പറഞ്ഞ ക്രമത്തിലാണ് പ്രസ്തുത സൂക്തങ്ങൾ അവതരിച്ചതെന്ന് സ്ഥിരപ്പെട്ടിട്ടില്ല. *അൽബഖറ*ക്കു മുമ്പാണ് *ഹൂദ്* അവതരിച്ചതെന്ന് ഉറപ്പിക്കാമെങ്കിലും ആദ്യമവതരിച്ചത് *ഹൂദോ* അതല്ല *യൂനുസോ* എന്ന കാര്യത്തിൽ ചില പണ്ഡിതന്മാർക്കെങ്കിലും തർക്കമുണ്ട്. *ഹൂദി*ന്റെ ശേഷമാണ് *അൽഇസ്റാഅ്* അവതരിച്ചതെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഉപരിസൂചിത വ്യാഖ്യാനം ദുർബലമാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അവരുടെ വീക്ഷണത്തിൽ ഖുർആന്റെ സകലത്തിന്മേലോ ശകലത്തിന്മേലോ അല്ല ഇത്തരം സൂക്തങ്ങളുടെ ഊന്നൽ; മറിച്ച് തുല്യതയിന്മേലാണ്. ഖുർആന് തുല്യമായ ഒരു സന്ദേശം അവതരിപ്പിക്കാനാണവരെ വെല്ലുവിളിക്കുന്നത്. അത് ഖുർആനിലെ ഒരു സൂറയുടെ രൂപത്തിലാകാം, പത്തു സൂറകളുടെ രൂപത്തിലാകാം, മുഴുവൻ ഖുർആന്റെ രൂപത്തിലുമാവാം. സൂറ *അത്ത്വൂർ* 33,34 സൂക്തങ്ങൾ ഈ വീക്ഷണത്തിന് ഉപോൽബലകമായി ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു.

أَمْ يَقُولُونَ تَقَوَّلَهُۥ ۚ بَل لَّا يُؤْمِنُونَ ﴿٣٣﴾ فَلْيَأْتُوا۟ بِحَدِيثٍ مِّثْلِهِۦٓ إِن كَانُوا۟

صَٰدِقِينَ ﴿٣٤﴾

(ഈ ഖുർആൻ ഇദ്ദേഹം സ്വയം ചമച്ചു എന്ന് അവർ പറയുന്നുവോ? എന്നാൽ കാര്യം അതല്ല. ഇക്കൂട്ടർ വിശ്വസിക്കാൻ വിചാരിക്കുന്നില്ല എന്നതത്രെ സത്യം. അവർ സ്വന്തം വാദത്തിൽ സത്യസന്ധരെങ്കിൽ ഇമ്മട്ടിലൊരു സന്ദേശം അവതരിപ്പിച്ചു കാണിക്കട്ടെ).

**14:** إستجابة (ഉത്തരം നൽകൽ)ൽ നിന്നുള്ള വർത്തമാന ബഹുവചന രൂപമാണ് يَسْتَجِيبُوا۟. അപരന്റെ ചോദ്യത്തിന് മറുപടി പറയുന്നതിനും അയാൾ ഉന്നയിച്ച ആവശ്യം പൂർത്തീകരിച്ചു കൊടുക്കുന്നതിനും يستجيب له എന്നുപറയും. ഈ പദം അല്ലാഹുവുമായി ചേർത്ത് പറയുമ്പോൾ അർഥം പ്രാർഥന കേട്ടു, ആഗ്രഹം സഫലമാക്കി

എന്നാകുന്നു. فَإِلَّمْ يَسْتَجِيبُواْ لَكُمْ എന്നതിലെ لَكُمْ (നിങ്ങൾക്ക്) കൊണ്ട് സൂചിപ്പിക്കുന്നത് അവിശ്വാസികളെയാണ്. സൂക്തത്തിന്റെ സാരമിതാണ്: നിങ്ങൾ ആദരിക്കുന്ന പ്രതിഭാശാലികളോ നേതാക്കളോ നിങ്ങൾ ആരാധിക്കുന്ന ദൈവങ്ങളോ ഒന്നും ഖുർആന്നു തുല്യമായ ഒരു സന്ദേശം രചിക്കുന്നതിൽ നിങ്ങളെ സഹായിക്കാനോ നിങ്ങളുടെ ആവശ്യം സഫലമാക്കിത്തരാനോ കഴിയില്ല എന്നു ബോധ്യപ്പെട്ടാൽ മുഹമ്മദ്(സ) പറയുന്നതുപോലെ സാക്ഷാൽ ദൈവിക ജ്ഞാനത്തിന്റെ പ്രവാഹം തന്നെയാണീ വേദമെന്ന് മനസ്സിലാക്കുക. അല്ലാഹുവിന്റെ ജ്ഞാനംകൊണ്ട് അല്ലെങ്കിൽ ജ്ഞാനത്താൽ ഇറക്കപ്പെട്ടത് –أَنَّمَآ أُنزِلَ بِعِلْمِ ٱللَّهِ–എന്ന വാക്യം പരാമർശിക്കുന്നത്, ഖുർആന്റെ അതിമാനുഷികതയെയാണ്. ഖുർആൻ ഉൾക്കൊള്ളുന്ന ജ്ഞാനത്തിന്റെയും സത്യസാരത്തിന്റെയും ഭണ്ഡാരമാണ് അതിന്റെ യഥാർഥ അമാനുഷികതയും അലൗകികതയും. ദൈവത്തിനല്ലാതെ മറ്റാർക്കും അത്തരമൊരു ജ്ഞാനസാഗരം മനുഷ്യർക്കായി ഇറക്കിത്തരാൻ കഴിയില്ല. നിങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങളൊന്നും ദൈവങ്ങളല്ലെന്നും ഏകനായ സാക്ഷാൽ ദൈവമല്ലാതെ വേറെ ദൈവമേതുമില്ലെന്നും ഉള്ള യാഥാർഥ്യവും അതിന്റെ സ്വാഭാവിക ഫലമായി വെളിപ്പെടുന്നതാണ്. വിഗ്രഹങ്ങൾക്ക് വല്ല ദിവ്യത്വവും ഉണ്ടായിരുന്നുവെങ്കിൽ ആ ദിവ്യത്വം വെളിപ്പെടുത്താനും നിങ്ങളുടെ മാനം രക്ഷിക്കാനും മുന്നോട്ടു വരേണ്ട സന്ദർഭമിതായിരുന്നു. فَهَلْ أَنتُم مُّسْلِمُونَ എന്ന വാക്യത്തിൽ ഈ യാഥാർഥ്യം അംഗീകരിക്കാനുള്ള പ്രേരണയും അംഗീകരിക്കാതിരിക്കുന്നതിലുള്ള ആക്ഷേപവുമുണ്ട്. അതായത്, നിങ്ങൾക്ക് സ്വന്തം വാദം തെളിയിക്കാൻ ഏറ്റം നല്ല അവസരമാണ് ലഭിച്ചിരിക്കുന്നത്. നിങ്ങൾക്ക് ആരാധ്യരെയും ആരാധ്യർക്ക് നിങ്ങളെയും സഹായിക്കാൻ കഴിയുന്ന, സഹായിക്കേണ്ടത് അനിവാര്യമായ സന്ദർഭം; പക്ഷേ ഒന്നും സംഭവിച്ചില്ല. പറയൂ, ഇനിയും ഇസ്‌ലാം കൈക്കൊള്ളാൻ നിങ്ങൾക്ക് സമയമായില്ലേ?!

**15,16:** സത്യവിശ്വാസവും ധർമബോധവുമില്ലാത്ത മനുഷ്യർ സുഖദുഃഖങ്ങളുണ്ടാകുമ്പോൾ കാണിക്കുന്ന ദൗർബല്യങ്ങളെ സൂചിപ്പിക്കുന്ന 9,10 സൂക്തങ്ങളോടും, പ്രവാചകനും ശിഷ്യന്മാരും കാശിനുവകയില്ലാത്തവരാണെന്ന് ആക്ഷേപിക്കുന്നവരെ പരാമർശിക്കുന്ന 13–ാം സൂക്തത്തോടും ബന്ധപ്പെട്ടതാണ് ഈ സൂക്തങ്ങൾ. സാക്ഷാൽ ദൈവത്തിലും പരലോകത്തിലും വിശ്വസിക്കാത്തവർ ഭൗതിക ലോകത്തെ സുഖങ്ങളും നേട്ടങ്ങളുമാണ് ജീവിതത്തിന്റെ സാക്ഷാത്കാരം എന്നു കരുതുന്നവരാണ്. അതുകൊണ്ടാണ് അവർ ഭൗതിക നേട്ടങ്ങളുണ്ടാകുമ്പോൾ അമിതമായി ആഹ്ലാദിക്കുകയും കോട്ടങ്ങളുണ്ടാകുമ്പോൾ അമിതമായി നിരാശപ്പെടുകയും ദുഃഖിക്കുകയും ചെയ്യുന്നത്. വ്യാജദൈവങ്ങളിൽ വിശ്വസിക്കുന്നവർ അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും ശരിയാണ് എന്നതിന്റെ തെളിവായും സ്വന്തം ക്ഷേമത്തെ വിലയിരുത്തുന്നു. മുഹമ്മദും കൂട്ടരും ശരിയായിരുന്നുവെങ്കിൽ അവരിത്ര കടുത്ത ദാരിദ്ര്യത്തിലും ദുരിതത്തിലും അകപ്പെടുകയില്ലായിരുന്നുവെന്നും വാദിക്കുന്നു. അവരുടെ ഈ നിലപാടുകൾക്ക് മറുപടി നൽകുകയാണ് ഖുർആൻ ഇവിടെ.

സൗന്ദര്യത്തിനും അലങ്കാരത്തിനും ഉപയോഗിക്കുന്ന പദമാണ് زينة. ഒരു വസ്തുവിൽ സ്വാഭാവികമായി ഉണ്ടാകുന്ന ഭംഗി/രസനിയതയാണ് സൗന്ദര്യം(جمال) കൊണ്ടുദ്ദേശ്യം. വസ്തുവിൽ പുറമെനിന്ന് കൂട്ടിച്ചേർക്കുന്ന ഭംഗി, അലങ്കാര–زينة–വുമാണ്. സുന്ദരനെപ്പോലെ വിരൂപനും അലംകൃതനാവാം. വിരൂപനു പക്ഷേ സുന്ദരനാവാൻ പറ്റില്ല. അലങ്കാരം എന്ന അർഥത്തിലാണ് ഇവിടെ زينة ഉപയോഗിച്ചിരിക്കുന്നത്. ജീവിതം ആനന്ദകരമാക്കുന്നതിന് മനുഷ്യൻ ആർജിക്കുന്ന എല്ലാം അതിൽ ഉൾപ്പെടുന്നു. പ്രവർത്തി

ക്കുമ്പോൾ നല്ലതായി തോന്നുകയും ഗുണഫലം പ്രതീക്ഷിക്കുകയും ചെയ്യുന്ന കാര്യം അനുഭവിക്കേണ്ട സന്ദർഭം വരുമ്പോൾ നാശകരമായി അനുഭവപ്പെടുകയാണ് حبط. കാലികൾ കെട്ട തീറ്റയെടുത്ത് മാരകമായ രോഗത്തിനിരയായാൽ حبطت الأنعام എന്നുപറയും. തിന്നുമ്പോൾ അവ രസിക്കുകയും വയറുനിറയുക എന്ന ഗുണഫലം പ്രതീക്ഷിക്കുകയും ചെയ്യുന്നു. രോഗം ബാധിച്ച് ചീർത്തുവരുന്നതു കാണുന്ന ഉടമ ആദ്യം അതു തടിച്ചുകൊഴുക്കുന്നുവെന്ന് സന്തോഷിക്കുകയും ചെയ്യും.

സൂക്തങ്ങളുടെ സാരമിതാണ്: ഭൗതിക ജീവിതത്തിലെ കർമങ്ങൾക്ക് രണ്ടു ഫലമുണ്ട്; ഭൗതിക ഫലവും ധാർമിക ഫലവും. രണ്ടും അല്ലാഹുവിങ്കൽനിന്നുള്ളതാണ്. ഭൗതിക ഫലം ഉളവാകാൻ അവൻ ഭൗതികമായ കാര്യകാരണ വ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുന്നു. കർമങ്ങൾ വ്യവസ്ഥക്കനുസൃതമാവുമ്പോൾ ഉദ്ദിഷ്ട ഫലം ലഭ്യമാകുന്നു. ഭക്ഷണം കഴിക്കുന്നതിന്റെ ഫലമാണ് വിശപ്പുമാറുക. ദുഷ്ടൻ കഴിച്ചാലും ശിഷ്ടൻ കഴിച്ചാലും, കട്ടു കഴിച്ചാലും ഇരന്നുവാങ്ങി കഴിച്ചാലും ജോലിക്ക് കൂലിയായി വാങ്ങി കഴിച്ചാലും എല്ലാം ഈ ഫലം ലഭിക്കും. സത്യസന്ധമായും സംസ്കാര സമ്പന്നമായും ആളുകളോടു പെരുമാറിയാൽ ആ പെരുമാറ്റം ആത്മാർഥമാണെങ്കിലും അല്ലെങ്കിലും ഈ ലോകത്ത് നല്ലതായി അംഗീകരിക്കപ്പെടും. യഥാർഥ വിശ്വാസമില്ലെങ്കിലും ദൈവാരാധനയിലും പുണ്യകർമങ്ങളിലും ഏർപ്പെട്ടാൽ ദൈവഭക്തനായി അറിയപ്പെടും. അതിന്റെ നേട്ടങ്ങളനുഭവിക്കുകയും ചെയ്യും. ഇത്തരം ഭൗതിക ഫലങ്ങൾ എല്ലാവർക്കും ഒരുപോലെ ലഭിക്കുന്നു. കൃഷി ചെയ്താൽ സജ്ജനത്തിനു വിള കിട്ടുകയും ദുർജനത്തിനു  കിട്ടാതിരിക്കുകയും ചെയ്യില്ല. മഴ പെയ്താൽ ശിഷ്ടനും ദുഷ്ടനും ഒരുപോലെ വെള്ളം കിട്ടുന്നു. ശിഷ്ടജനത്തിനും ദുഷ്ടജനത്തിനും ഒരുപോലെ അനുഗ്രഹങ്ങളരുളുന്നവൻ -رحيم- എന്ന ദൈവിക ഗുണത്തിന്റെ പ്രകടനമാണത്. അതല്ലാതെ, ഇക്കൂട്ടർ ജൽപിക്കുന്നതുപോലെ, അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും സത്യമായതുകൊണ്ടോ ദൈവങ്ങൾ അവരോട് പ്രീതിപ്പെട്ടതുകൊണ്ടോ അല്ല അവർക്ക് സമ്പത്തും സൗഭാഗ്യവും കൂടുതലുണ്ടായത്. ലോകത്ത് ഭൗതിക നേട്ടങ്ങൾക്കുവേണ്ടി അതിന്റെ വ്യവസ്ഥയനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് അവർ ആരായാലും ഭൗതിക നേട്ടങ്ങൾ പ്രദാനം ചെയ്യുക എന്നത് അല്ലാഹുവിന്റെ നിയമമാണ്. പ്രവാചകനും ശിഷ്യന്മാരും അവശരും ദരിദ്രരുമായിരിക്കുന്നത് അവർ സത്യത്തിലല്ലാത്തതുകൊണ്ടോ അവരോട് ദൈവങ്ങൾ കോപിച്ചതുകൊണ്ടോ ആണെന്ന വിചാരവും ഭോഷ്ക്കാണ്. യഥാർഥത്തിൽ അവരുടെ ക്ലേശങ്ങൾക്കു കാരണം, അവർ അവിശ്വാസികളെപ്പോലെ ഭൗതിക നേട്ടങ്ങൾക്കുവേണ്ടി മാത്രം പ്രവർത്തിക്കാത്തതും അവിശ്വാസികൾ അവരെ പീഡിപ്പിക്കുന്നതുമാണ്. അവരുടെ സൽകർമങ്ങൾക്കും പീഡാനുഭവങ്ങൾക്കുമെല്ലാം ഉള്ള ധാർമിക ഫലം മരണാനന്തരം അവർക്കു ലഭിക്കും. അത് ഇന്ന് അവരെ പരിഹസിക്കുന്നവർക്കൊന്നും സങ്കൽപിക്കാൻ പോലും കഴിയാത്തത്ര അത്യുന്നതവും അക്ഷയവുമായിരിക്കും. എന്നാൽ ഭൗതിക ലാഭങ്ങൾക്കുവേണ്ടി മാത്രം കർമം ചെയ്തവരുടെ അവസ്ഥയോ, അവർ സമ്പാദിച്ചുകൂട്ടിയതെല്ലാം ആത്മാവ് ഭൗതിക ശരീരത്തെ വെടിയുന്നതോടെ നഷ്ടപ്പെടുന്നു. ഒന്നുമില്ലാത്തവരായിട്ടാണ് അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുക. തങ്ങൾക്ക് എന്നെന്നും സുഖവും സന്തോഷവും നൽകുന്നത് എന്നു കരുതി സമ്പാദിച്ചു കൂട്ടിയ വിഭവങ്ങളെല്ലാം, കാലികൾ ആർത്തിയോടെ വയറ്റിൽ നിറച്ച വിഷപ്പുല്ലുപോലെ മഹാവ്യാധിയും ശിക്ഷയുമായി അനുഭവപ്പെടുന്നു. തങ്ങളുടെ നിത്യയശസ്സിന്റെയും പ്രതാപത്തിന്റെയും സ്തംഭങ്ങളെന്ന ഭാവേന കാഴ്ചവെച്ച പ്രവർത്തനങ്ങളെല്ലാം കേവലം മിഥ്യകളായിരുന്നുവെന്ന് തെളിയുന്നു.

കർമങ്ങളുടെ ധാർമിക ഫലം ഈ ലോകത്തല്ല, പരലോകത്താണ് ലഭിക്കുക. രണ്ടു വ്യക്തികളുടെ കർമം ഒന്നായതുകൊണ്ട് അവയുടെ ധാർമിക ഫലവും ഒന്നായിരിക്കണമെന്നുമില്ല. എന്തുദ്ദേശ്യത്തോടെ ചെയ്യുന്നു, ഏതു രീതിയിൽ ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു ധാർമിക ഫലം. ഇതുസംബന്ധിച്ച് പ്രവാചകൻ പ്രസ്താവിച്ചതായി പ്രസിദ്ധമായ ഒരു നിവേദനമുണ്ട്: "കർമങ്ങളുടെ പാരത്രികഫലം ഉദ്ദേശ്യത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു. ഓരോ മനുഷ്യന്നും അവൻ ഉദ്ദേശിച്ചതു മാത്രമാണുള്ളത്. ഒരുവൻ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും ഹിജ്റ ചെയ്താൽ ആ ഹിജ്റ അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും തന്നെ. ഒരുവന്റെ ഹിജ്റ നേടാനുള്ള ഭൗതിക ഫലത്തിലേക്കോ വേൾക്കാനാശിക്കുന്ന സ്ത്രീയിലേക്കോ ആണെങ്കിൽ ആ ഹിജ്റ അതിലേക്കു തന്നെയുള്ളതാണ്." ഇമാം ഖതാദ പ്രസ്താവിച്ചു: "ഒരുവന്റെ ഉദ്ദേശ്യവും ലക്ഷ്യവും താൽപര്യവുമൊക്കെ ഭൗതിക നേട്ടമാണെങ്കിൽ അവന്റെ നന്മകൾക്ക് അല്ലാഹു ഭൗതികലോകത്തുതന്നെ പ്രതിഫലം നൽകുന്നു. പിന്നെ പരലോകത്തെത്തിച്ചേരുമ്പോൾ അവന് പ്രതിഫലാർഹമായ ഒരു കർമവും ബാക്കിയുണ്ടാവില്ല." പ്രവാചകൻ പ്രസ്താവിച്ചതായി ബൈഹഖി ഉദ്ധരിക്കുന്നു: "ഉയിർത്തെഴുന്നേൽപുനാളിൽ എന്റെ സമൂഹം മൂന്നു വിഭാഗമായി പിരിയും: ഒരു വിഭാഗം നിഷ്കളങ്കമായി അല്ലാഹുവിന് ഇബാദത്തു ചെയ്തവർ, രണ്ടാമത്തെ വിഭാഗം ലോകമാന്യത്തിനു വേണ്ടി ഇബാദത്തു ചെയ്തവർ. മൂന്നാമത്തെ വിഭാഗം മറ്റു ഭൗതിക നേട്ടങ്ങൾക്കു വേണ്ടി ഇബാദത്തു ചെയ്തവരാണ്. അവനോട് അല്ലാഹു ചോദിക്കും. നീ എനിക്ക് ഇബാദത്തു ചെയ്തത് എന്തുദ്ദേശിച്ചായിരുന്നു? അവൻ പറയും: ഭൗതിക ലാഭം. അപ്പോൾ അല്ലാഹു പറയും: ശരി, നീ ശേഖരിച്ചുവെച്ചതൊന്നും നിനക്കു പ്രയോജനം ചെയ്യില്ല. നീ അതിലേക്കൊട്ടു മടങ്ങിപ്പോവുകയുമില്ല. ഇവനെ നരകത്തിലേക്കു കൊണ്ടുപോവുക എന്ന് ഉത്തരവിടുകയും ചെയ്യും. ലോകമാന്യത്തിനുവേണ്ടി ഇബാദത്തു ചെയ്തവനോടു ചോദിക്കും: എന്തുദ്ദേശിച്ചാണ് നീ എനിക്കു ഇബാദത്തു ചെയ്തത്? അയാൾ പറയും: ലോകമാന്യം. അല്ലാഹു പറയും: ആളുകളെ കാണിക്കാൻ വേണ്ടി നീ ചെയ്ത ഇബാദത്തുകളൊന്നും എന്നിലേക്ക് ഉയരുകയില്ല. ഇന്ന് നിനക്കതുപകാരപ്പെടുകയുമില്ല. തുടർന്ന് അവനെയും നരകത്തിലേക്ക് കൊണ്ടുപോകാൻ ഉത്തരവിടുന്നു. ഒടുവിൽ നിഷ്കളങ്കമായി അല്ലാഹുവിന് ഇബാദത്തു ചെയ്തവനോടു ചോദിക്കുന്നു: എനിക്ക് ഇബാദത്തു ചെയ്യുമ്പോൾ നീ ഉദ്ദേശിച്ചതെന്തായിരുന്നു? അയാൾ പറയും: നിന്റെ പ്രതാപത്താലും തേജസ്സാലും നിനക്കു തന്നെ നന്നായറിയാമല്ലോ, ഞാൻ ഇബാദത്തു ചെയ്തിരുന്നത് നിന്റെ പ്രീതിക്കും നിന്റെ ഗേഹത്തിനുംവേണ്ടിയാണെന്ന്! അല്ലാഹു പറയും: എന്റെ ഈ ദാസൻ സത്യം പറഞ്ഞു; ഇദ്ദേഹത്തെ സ്വർഗത്തിലേക്ക് കൊണ്ടുപോകുവിൻ എന്ന് ഉത്തരവിടുകയും ചെയ്യും."

സത്യവിശ്വാസികളായാലും കർമങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമാകണമെങ്കിൽ അത് അല്ലാഹുവിന്റെ പ്രീതിയും പരലോകരക്ഷയും ഉദ്ദേശിച്ചു ചെയ്തതായിരിക്കണം എന്നാണ് ഇത്തരം നബിവചനങ്ങൾ ഉണർത്തുന്നത്. പ്രകൃത സൂക്തങ്ങളുടെ ആശയം ഖുർആൻ പലവട്ടം ആവർത്തിച്ചു പറയുന്നുണ്ട്:

مَّن كَانَ يُرِيدُ ٱلْعَاجِلَةَ عَجَّلْنَا لَهُۥ فِيهَا مَا نَشَآءُ لِمَن نُّرِيدُ ثُمَّ جَعَلْنَا لَهُۥ
جَهَنَّمَ يَصْلَىٰهَا مَذْمُومًا مَّدْحُورًا ﴿١٨﴾ وَمَنْ أَرَادَ ٱلْءَاخِرَةَ وَسَعَىٰ لَهَا سَعْيَهَا
وَهُوَ مُؤْمِنٌ فَأُو۟لَٰٓئِكَ كَانَ سَعْيُهُم مَّشْكُورًا ﴿١٩﴾

(ക്ഷണികമായ ഭൗതിക നേട്ടങ്ങൾ മാത്രം ആഗ്രഹിക്കുന്നവന് ഈ ലോകത്ത് നാമത് ക്ഷണത്തിൽ നൽകുന്നു; നാം ഇഛരിച്ചതും ഇഛരിക്കുന്നവർവക്കും മാത്രം. അനന്തരം അവന് നിന്ദ്യവും നികൃഷ്ടവുമായി കത്തിയെരിയുന്ന നരകം വിധിക്കുന്നു. പരലോകത്തെ കാംക്ഷിക്കുകയും സത്യവിശ്വാസിയായിക്കൊണ്ട് അതിന്ന് പ്രയത്നിക്കേണ്ട വിധം പ്രയത്നിക്കുകയും ചെയ്തവരോ, അവരുടെ പ്രയത്നങ്ങൾ അഭിനന്ദനീയമാകുന്നു – 17:18,19).

مَن كَانَ يُرِيدُ حَرْثَ ٱلْـَٔاخِرَةِ نَزِدْ لَهُۥ فِى حَرْثِهِۦ ۖ وَمَن كَانَ يُرِيدُ حَرْثَ
ٱلدُّنْيَا نُؤْتِهِۦ مِنْهَا وَمَا لَهُۥ فِى ٱلْـَٔاخِرَةِ مِن نَّصِيبٍ ﴿٢٠﴾

(പാരത്രിക വിള കാംക്ഷിക്കുന്നവർക്ക് നാം ആ വിള വളർത്തിക്കൊടുക്കുന്നു. ഭൗതിക വിള കാംക്ഷിക്കുന്നവന് ഇഹത്തിൽ തന്നെ അതു നൽകുന്നു. പക്ഷേ പരലോകത്ത് അവന് ഒരു വിഹിതവും ഉണ്ടായിരിക്കുകയില്ല – 42:20). ■